ക്രൈം ബ്രാഞ്ച് വിഭാഗത്തിലെ വാഹനങ്ങൾ

1200. [1636] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിന്റെ ക്രൈംബ്രാഞ്ച് വിഭാഗത്തിന് സ്വന്തമായി എത്ര വാഹനങ്ങളുണ്ട് ;

(ബി) ക്രൈം ബ്രാഞ്ച് വിഭാഗത്തിന്റെ വാഹനങ്ങളുടെ ഉപയോഗത്തിൽ ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) ക്രൈം ബ്രാഞ്ച് എന്നോ 'പോലീസ്' എന്നോ ബോർഡ് വയ്ക്കാത്തതുമൂലം വാഹനങ്ങൾ പലപ്പോഴും സ്വകാര്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു തടയുന്നതിന് എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 100 എണ്ണം.

(ബി) ഇന്ധനച്ചെലവിൽ പരിധി ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സേനയിലേക്ക് റിക്രൂട്ട്മെന്റ്

1201. [1637] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് സേനയിലേക്ക് എത്രപേരെ റിക്രൂട്ട് ചെയ്തു.

(ബി) റിക്രൂട്ടിംഗ് ലിസ്റ്റുപ്രകാരം മുഴുവൻ പേരേയും നിയമിച്ചു കഴിഞ്ഞുവോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ് ?

ഉത്തരം

(എ) പരിശീലനത്തിനു നിയോഗിച്ചിട്ടുള്ള 1522 പേർ ഉൾപ്പെടെ 5089 പേർ.

(ബി) ഇല്ല.

(സി) ഒഴിവുകളുടെ എണ്ണവും പരിശീലന സൗകര്യവുമനുസരിച്ചാണ് നിയമനങ്ങൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly